**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **22-02-2022 - ൽ മറുപടിയ്ക്ക്**

**ജില്ല ലബോറട്ടറികൾക്ക് എൻ.എ.ബി.എൽ. പദവി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള എല്ലാ ജില്ല ലബോറട്ടറികളെയും എൻ.എ.ബി.എൽ. പദവിയിലേയ്ക്ക് ഉയർത്തി ശക്തിപ്പെടുത്തിയിട്ടുണ്ടോ; | (എ) | നിലവിൽ എറണാകുളത്ത് പ്രവർത്തിച്ചു വരുന്ന പരീക്ഷണശാലയ്ക്കു മാത്രമേ എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചിട്ടുള്ളൂ. ബോർഡിന്റെ ലബോറട്ടറികളെ NABL നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നത് Strengthening of Board Laboratories എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യപടിയായി ജില്ലാ ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഏതൊക്കെ ജില്ലകളിലെ ലബോറട്ടറികളെന്ന് വിശദമാക്കാമോ; ഏതൊക്കെ ജില്ലകളെയാണ് ഒഴിവാക്കിയിരിക്കുന്നത്; എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ എറണാകുളത്ത് പ്രവർത്തിച്ചു വരുന്ന പരീക്ഷണശാലയ്ക്കു മാത്രമേ എൻ.എ.ബി.എൽ അംഗീകാരം ലഭിച്ചിട്ടുള്ളൂ. ബോർഡിന്റെ ലബോറട്ടറികളെ NABL നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നത് Strengthening of Board Laboratories എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ആദ്യപടിയായി ജില്ലാ ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതും വലിച്ചെറിയുന്നതും തടയുന്നതിനായി രാത്രികാല പട്രോളിംഗ് നടത്തുന്ന നിരീക്ഷണ സ്ക്വാഡ് ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കാമോ; രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതും വലിച്ചെറിയുന്നതും തടയുന്നതിനായി രാത്രികാല പട്രോളിംങ് നടത്തുന്ന നിരീക്ഷണ സ്ക്വാഡ് എല്ലാ നഗരസഭകളിലും പ്രവർത്തിക്കുന്നുണ്ട്. ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നൈറ്റ് നിരീക്ഷണ സ്ക്വാഡാണ് പ്രവർത്തിക്കുന്നത്. പൊതുജലാശയങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുകയും കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 340, 340(എ) 340(ബി) പ്രകാരം നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. രാത്രികാല നിരീക്ഷണ സ്ക്വാഡ്, മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തി 2021 സെപ്റ്റംബർ വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. • |

| | | | |
|---|---|---|---|
| | | | പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞതിന് 1782 കേസുകൾ കണ്ടെത്തുകയും 40,54,205/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. • ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞതിന് 218 കേസുകൾ കണ്ടെത്തുകയും 6,73,610/- രൂപ ചുമത്തുകയും ചെയ്തിട്ടുണ്ട്. • വാഹനങ്ങളിൽ മാലിന്യം തള്ളിയതിന് 152 കേസുകൾ കണ്ടെത്തുകയും 6,75,760/- രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. • മാലിന്യം വലിച്ചെറിഞ്ഞതിന് കേസ് രജിസ്റ്റർ ചെയ്തത് 4 പേർക്കെതിരെയാണ്. |

സെക്ഷൻ ഓഫീസർ